Volume 1, Sept 2022

## ബൂത്ത് ലെവൽ ഓഫീസർ

# ഇ- പത്രിക





## സന്ദേശം

### രാജീവ് കുമാർ,
### ഇന്ത്യൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ

ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രസിദ്ധീകരണങ്ങളിലേക്ക് ഒരു പുത്തൻ സംരംഭം കൂടി അവതരിപ്പിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ശാക്തീകരിക്കപ്പെട്ടതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ജനാധിപത്യം കെട്ടിപ്പടുക്കുന്നതിന്, താഴെത്തട്ടിലുള്ളവർ നടത്തുന്ന പരിശ്രമങ്ങൾക്കുമുള്ള ആദരം കൂടിയാണ് ബിഎൽഒ ഇ-പത്രിക'. വോട്ടർ പട്ടികയെ കരുത്തുറ്റതാക്കാനും വോട്ടർമാരുടെ ബോധവത്ക്കരണത്തിനുമായി ബി.എൽ.ഒ.മാർ നടത്തിവരുന്ന എല്ലാ പ്രയത്നങ്ങളെയും തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കാനും ഇ-പത്രിക ലക്ഷ്യമിടുന്നു.

ലോകം ഉറ്റു നോക്കുന്ന സവിശേഷമായ ജനാധിപത്യ തിരഞ്ഞെടുപ്പ് രീതിയാണ് ഇന്ത്യയിലേത്. അതേസമയം, പലപ്പോഴും വോട്ടെടുപ്പ് ദിവസം യോഗ്യരായ പൗരന്മാരെ പോളിംഗ് ബൂത്തിലെത്താൻ ഓരോ വീട്ടുകാരെയും സമീപിക്കുക എന്ന ശ്രമകരമായ ദൗത്യത്തിലേക്ക് ചിലപ്പോഴെങ്കിലും നമ്മൾ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടി വരുന്നു.

ഒരു ദിവസം കൊണ്ടോ ഒരു വ്യക്തിയെ കൊണ്ടോ പൂർത്തീകരിക്കാൻ കഴിയുന്ന ഒന്നല്ലിത്. അർപ്പണ ബോധത്തോടെ തയ്യാറെടുക്കുന്ന ഒരു ടീമിന്റെ പ്രവർത്തനമാണ് ഇത് സാധ്യമാക്കുന്നത്. ഏറ്റവും താഴെത്തട്ടിലുള്ള ഓരോ കൂട്ടായ്മയും എങ്ങനെയാണ് ഇന്ത്യൻ തിരഞ്ഞെടുപ്പിന്റെ വിത്ത്പാകാൻ പരിശീലിപ്പിക്കുകയും തയ്യാറെടുക്കുകയും ചെയ്യുന്നതെന്ന് ബിഎൽഒ പത്രിക നിങ്ങൾക്ക് കാണിച്ചു തരും. താഴെത്തട്ടിലുള്ള ബിഎൽഒ മാരുടെ സമഗ്ര ചിത്രമാണ് ഇതിലൂടെ തെളിയുക.

വോട്ടർപട്ടിക പുതുക്കലിനായി വീടുതോറുമുള്ളസർവ്വേയും പോളിംഗ് ദിവസം നൽകുന്ന സഹായവുമടക്കം വോട്ടർ രജിസ്ട്രേഷൻ സുഗമമാക്കുന്നതിന് ബിഎൽഒമാർക്ക് നിർണ്ണായക ഉത്തരവാദിത്തമുണ്ട്. ഇ-പത്രികയിലൂടെ രാജ്യത്തുടനീളം ആധുനിക സാങ്കേതികവിദ്യകലും ചില SVEEP പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും ബിഎൽഒ-മാരെ കൂടുതൽ ശക്തിപ്പെടുത്താനാവും.

യഥാർത്ഥ കഥകൾ താഴെത്തട്ടിൽ നിന്ന് തന്നെ കൊണ്ടുവരാനുള്ള ശ്രമം കൂടിയാണ് ഇ-പത്രിക. പത്രികയുടെ കഥപറച്ചിൽ ശൈലിയും അതിന്റെ വായനക്കാർക്ക് ഏറെ പ്രയോജനം ചെയ്യും. ഇതിനായി അക്ഷീണം പ്രയത്നിച്ച എല്ലാ ടിം അംഗങ്ങൾക്കും ഞാൻ എന്റെ നന്ദി രേഖപ്പെടുത്തുന്നു. സാധ്യമായ രീതിയിൽ ഏറ്റവും മികച്ച ഒരു പത്രിക, ഏറ്റവും വിനയപൂർവ്വം, അവതരിപ്പിക്കുന്നു. ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഭരണം യഥാർത്ഥത്തിൽ കൈവശം വച്ചിരിക്കുന്ന എല്ലാ താഴെത്തട്ടിലുള്ള പ്രവർത്തകർക്കുമായി പത്രിക സമർപ്പിക്കുന്നു.

X

(Rajiv Kumar)



## സന്ദേശം

അനൂപ് ചന്ദ്രപാണ്ഡെ

ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷണർ

രാജ്യത്തെ തിരഞ്ഞെടുപ്പ് നടത്തിപ്പ് എന്ന ഭഗീരഥ പ്രയത്നം കൂട്ടായ പ്രവർത്തനത്തിന്റെ ഏറ്റവും മികച്ച ഉദാഹരണമാണ്. പ്രതികൂല സാഹചര്യം സൃഷ്ടിച്ച കോവിഡ് കാലത്ത് പോലും സ്വതന്ത്രവും, നീതിയുക്തവും, എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കിയുമുള്ള തിരഞ്ഞെടുപ്പ് യാഥാർത്ഥ്യമാക്കി. ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന് ഇത് സാധിച്ചത് പിന്നിൽ പ്രവർത്തിച്ച ഓരോരുത്തരുടെയും കഠിന പ്രയത്നത്തിന്റെ ഫലമാണ്.

ഈ മാതൃകാ കൂട്ടായ്മ വോട്ടെടുപ്പിനെ രാജ്യമെമ്പാടും ആഘോഷിക്കുന്ന ജനാധിപത്യ ഉത്സവമാക്കി മാറ്റുന്നു. കൂട്ടായ പ്രവർത്തനങ്ങളും, ബിഎൽഒ-മാരുടെ മാതൃകാപരമായ കഥകൾ പ്രസിദ്ധീകരിക്കുകയും വഴി ECI ക്കും വോട്ടർമാർക്കും ഇടയിൽ ഒരു പാലമായി വർത്തിക്കാനും ബിഎൽഒ ഇ-പത്രികയ്ക്ക് സാധിക്കും.

തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ഓരോ വോട്ടർമാരും നിഷ്പ്രയാസം പങ്കാളികളാവാൻ ബിഎൽഒ മാർ വോട്ടർമാരുടെ സുഹൃത്തായും തത്ത്വചിന്തകനായും വഴികാട്ടിയായും മാറുന്നു. ഇ-പത്രിക അവർ ചെയ്ത ജോലിയുടെ വിശദാംശങ്ങൾ മാത്രമല്ല, താഴെത്തട്ടിൽ എന്ത് സംഭവിക്കുന്നുവെന്ന ബിഎൽഒ മാരുടെ അനുഭവങ്ങൾ കൂടി വരച്ചു കാട്ടുന്നു. നമ്മുടെ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ഉത്സവമായ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ചൈതന്യം കെടാതെ കാക്കാൻ അക്ഷീണം പ്രവർത്തിക്കുന്ന ഓരോ ബിഎൽഒ മാർക്കുമായി സമർപ്പിച്ചിരിക്കുന്ന ബിഎൽഒ ഇ-പത്രിക അവതരിപ്പിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

താഴെത്തട്ടിൽ ബിഎൽഒമാർ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളെയും സൂക്ഷ്മതയോടെ പകർത്തിയതിന് ECI, CEO ഓഫീസുകളിലെ എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു.

(Anup Chandra Pandey)

# എഡിറ്റോറിയൽ കമ്മിറ്റി :

എൻ.എൻ.ബൂട്ടോലിയ
*സീനിയർ പ്രിൻസിപ്പൽ സെക്രട്ടറി*

അശോക് കുമാർ
*ഡയറക്ടർ (IT)*

കുൽദീപ് കുമാർ സഹറവാത്ത്
*ഡയറക്ടർ (ട്രെയിനിംഗ്) IIIDEM*

എസ്. സുന്ദർ രാജൻ
*ഡയറക്ടർ (EVM)*

ദീപാലി മസിർകർ
*ഡയറക്ടർ (ഇലക്ഷൻ പ്ലാനിങ്)*

സന്തോഷ് അജ്മേറ
*ഡയറക്ടർ (SVEEP) കൺവീനർ അംഗം*

# എഡിറ്റോറിയൽ ടീം :

ആർ.കെ. സിങ്
*കോർഡിനേറ്റർ- SVEEP*

അനുജ് ചന്ദക്ക്
*ജോയിന്റ് ഡയറക്ടർ (SVEEP)*

നുപൂർ പ്രവീൺ
*കമ്മ്യൂണിക്കേഷൻ കൺസൾട്ടന്റ്*

ഇഷ ഖാൻ
*ഗ്രാഫിക്ക് ഡിസൈനർ*

Voter Turnout App　PwD App　Voter Helpline App　cVIGIL App　Know Your Candidate App　Garuda App

NO VOTER TO BE LEFT BEHIND

# പ്രധാന വസ്തുതകൾ

# ബൂത്ത് ലെവൽ ഓഫീസർ

- വോട്ടർ പട്ടികയുടെ കൃത്യത ഉറപ്പാക്കാനായി ഓരോ തിരഞ്ഞെടുപ്പ് കേന്ദ്രത്തിനും ഓരോ ബൂത്ത് ലെവൽ ഓഫീസർ എന്ന ആശയം 2006 ലാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ നടപ്പിലാക്കിയത്.

- സെക്ഷൻ 13 ബി (2), 1950 ലെ ജനപ്രാതിനിധ്യ നിയമം എന്നിവ പ്രകാരം സർക്കാർ, അർദ്ധ സർക്കാർ, തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നാണ് ബിഎൽഒ മാരെ നിയമിക്കുന്നത്.

- ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ താഴെത്തട്ടിലുള്ള പ്രതിനിധികളെന്ന് ബിഎൽഒ മാരെ വിശേഷിപ്പിക്കാം. ഫീൽഡിൽ നിന്നുള്ള യഥാർത്ഥ വിവര ശേഖരണം, വോട്ടർ പട്ടിക പുതുക്കൽ, രജിസ്ട്രേഷൻ ഫോം ശേഖരിക്കൽ ഉൾപ്പെടെയുള്ള പ്രക്രിയയിൽ ഓരോരുത്തരും നിർണായക പങ്കു വഹിക്കുന്നു.

- വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും നാട്ടുകാർക്ക് സുഹൃത്തും വഴികാട്ടിയുമാണ് ബിഎൽഒ മാർ

- ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ വിവരശേഖരണം നടത്തുക, ഫീൽഡ് വെരിഫിക്കേഷൻ നടത്തി വോട്ടർമാരെ തിരിച്ചറിയുക, മരണപ്പെട്ടവരെ വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കുക, താമസ സ്ഥലം മാറിയവരെ കണ്ടെത്തുക തുടങ്ങിയവ ബിഎൽഒ മാരുടെ ഉത്തരവാദിത്തമാണ്.



## 100 ശതമാനം ആധാർ ലിങ്കിംങ് നടത്തിയ ബിഎൽഒ മാർ

വിവിധ ജില്ലകളിലെ ബിഎൽഒ മാർ 100% ആധാർ ലിങ്കിംങ് പൂർത്തിയാക്കിയിട്ടുണ്ട്.

രണ്ട് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.



State : Nagaland
District : Kohima
Name : Hiaroiliabe
Designation : Primary Teacher
School : GPS Heunambe
Polling St. : 7/58 Heunambe



State : Karnataka
District : Koppal
Name :- Eramma
Designation : Primary Teacher
Polling St. : 194-Govt. Pr. School

# കർമ്മനിരതരായ ബിഎൽഒമാർ : ചില നേർചിത്രങ്ങൾ







## പ്രീ-റിവിഷൻ പ്രവർത്തനങ്ങൾ

- ബിഎൽഒ മാരുടെ രജിസ്റ്റർ പുതുക്കുക
- വോട്ടർമാരുടെ വീടുവീടാന്തരമുള്ള സർവ്വേ
- തിരഞ്ഞെടുപ്പ് കേന്ദ്രത്തിന്റെ ചിത്രങ്ങൾ എടുക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക.
- തിരഞ്ഞെടുപ്പ് കേന്ദ്രത്തിലെ AMF വിവര ശേഖരണം
- ആവർത്തിച്ചുള്ള EPIC നീക്കം ചെയ്യുക
- ജനസംഖ്യാപരമായ സമാനമായ എൻട്രികൾ
- (DSE) നീക്കം ചെയ്യുക
- മരണപ്പെട്ട വോട്ടർമാരെ നീക്കം ചെയ്യുക

മറ്റ് യുക്തിപരമായ പിശകുകൾ ഒഴിവാക്കൽ

## റിവിഷൻ പ്രവർത്തനങ്ങൾ

- ഫാറം 6, 7, 8 എന്നിവ പൂരിപ്പിക്കുക
- വീടുവീടാന്തരമുള്ള സർവ്വേ
- ലിംഗാനുപാതം, ഇ.പി. അനുപാതം, യുവ വോട്ടർമാരുടെ വിടവ് എന്നിവയുടെ അടിസ്ഥാനത്തിൽ വോട്ടർപട്ടികയുടെ സൂക്ഷ്മ പരിശോധന
- തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർവചിച്ച പ്രകാരം PwD വോട്ടർമാരെ അടയാളപ്പെടുത്തുക.
- രാഷ്ട്രീയ പാർട്ടികളുടെ ബിഎൽഒമാരുമായുള്ള ഏകോപനം

## തിരഞ്ഞെടുപ്പിന് മുമ്പുള്ള പ്രവർത്തനങ്ങൾ

- ബിഎൽഒമാർ മുഖേന വോട്ടർമാർക്ക് വോട്ടർ ഇൻഫർമേഷൻ സ്ലിപ്പിന്റെ (VIS) വിതരണം
- സ്ഥലത്തില്ലാത്ത/താമസ സ്ഥലം മാറിപ്പോയ/മരണപ്പെട്ട (ASD) വോട്ടർമാരുടെ പട്ടിക തയ്യാറാക്കുക.
- വോട്ടേഴ്സ് ഗൈഡിന്റെ വിതരണം
- മുതിർന്ന പൗരന്മാർ, അംഗവൈകല്യമുള്ളവർ, കോവിഡ് രോഗികൾ എന്നിവർക്ക് നിർവ്വചിച്ച ഫോറം 12 ഡി വിതരണവും ഫോം പൂരിപ്പിച്ചു ശേഖരണവും.

## പോളിംഗ് ദിവസത്തെ പ്രവർത്തനങ്ങൾ

- ഹെൽപ്പ് ഡെസ്ക്/വോട്ടർ അസിസ്റ്റൻസ് ബൂത്ത്
- പോളിംഗ് നടപടിക്രമങ്ങളുടെ അവലോകനം




## വോട്ടർ രജിസ്ട്രേഷന് ഇനി നാല് പുതിയ യോഗ്യതാ തീയതികൾ

മുൻപ്, ജനുവരി 1 നോ അതിനു മുമ്പോ 18 വയസ്സ് തികഞ്ഞവർക്ക് മാത്രമായിരുന്നു ആ വർഷത്തെ വോട്ടർ പട്ടികയിൽ പുതുതായി പേര് ചേർക്കുന്നതിനുള്ള ഏക യോഗ്യത തീയതി. ജനപ്രാധിനിത്യ നിയമം സെക്ഷൻ 14(ബി) ഭേദഗതി പ്രകാരം ഇപ്പോൾ, പുതിയ വോട്ടർക്ക് എൻറോൾ ചെയ്യാൻ ഒരു വർഷത്തിൽ നാല് അവസരങ്ങളുണ്ട്. ജനുവരി 1, ഏപ്രിൽ 1, ജൂലൈ 1, ഒക്ടോബർ 1 എന്നിവയാണ് ആ യോഗ്യതാ രീതികൾ.

| | |
|---|---|
| വോട്ടർ പട്ടികയിൽ പുതുതായി പേര് ചേർക്കുന്നതിന് | ഫാറം- 6 |
| വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തിയതിലുള്ള ആക്ഷേപം ഉന്നയിക്കുന്നതിന് / പേര് നീക്കം ചെയ്യുന്നതിന് | ഫാറം - 7 |
| താമസസ്ഥലം മാറ്റുന്നതിന് / നിലവിലെ വോട്ടർ പട്ടികയിൽ വിവരങ്ങൾ തിരുത്തുന്നതിന്/ഫോട്ടോ പതിച്ച സമ്മതിദായക കാർഡ് മാറ്റി ലഭിക്കുന്നതിന്/ഭിന്നശേഷിക്കാരെ വോട്ടർ പട്ടികയിൽ അടയാളപ്പെടുത്തുന്നതിന് | ഫാറം - 8 |

# സ്മാർട്ട് ബിഎൽഒ

## വോട്ടർമാർക്ക് തിരഞ്ഞെടുപ്പ് കമ്മീഷന്റെ സേവനങ്ങൾ

### *National Voters' Services Portal*

NVSP (https://www.nvsp.in/) എന്നത് തിരഞ്ഞെടുപ്പ് സേവനങ്ങൾ പ്രയോജനപ്പെടുത്താൻ പൗരന്മാർക്കുള്ള ഒരു പോർട്ടലാണ്.

വോട്ടർ ഐഡി കാർഡിന് അപേക്ഷിക്കുക, പേര് ചേർക്കുന്നതിനും വോട്ടർ കാർഡിലെ തിരുത്തലുകൾ, വോട്ടർ പട്ടികയിൽ പേര് തിരയുക, പോളിംഗ് ബൂത്ത്, നിയമസഭ മണ്ഡലം, പാർലമെന്റ് മണ്ഡലം തുടങ്ങിയ വിവരങ്ങൾ അറിയാനും, ബൂത്ത് ലെവൽ ഓഫീസറുടെ വിശദാംശങ്ങൾ, ഇലക്ടറൽ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സേവനങ്ങളും NVSP വഴി പ്രയോജനപ്പെടുത്താം.

### *വോട്ടർ പോർട്ടൽ*

വോട്ടർ പോർട്ടൽ (https://voterportal.eci.gov.in) വഴി ഫോം സമർപ്പിക്കൽ പ്രക്രിയ സുഗമമായി നടത്താൻ സാധിക്കും. എല്ലാവർക്കും മനസിലാകുന്ന രീതിയിലാണ് സേവനങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്. രജിസ്ട്രേഷൻ, മേൽവിലാസം തിരുത്തൽ, എൻട്രികളിൽ മാറ്റം വരുത്തൽ തുടങ്ങിയ നടപടി ക്രമങ്ങൾ എളുപ്പമാണ്.

### *Voter Helpline App (VHA)*

വോട്ടർ ഐഡി കാർഡ് അപേക്ഷിക്കൽ, വോട്ടർ കാർഡിലെ തിരുത്തലുകൾ, പോളിംഗ് ബൂത്തിന്റെ വിശദാംശങ്ങൾ, നിയമസഭാ മണ്ഡലം, പാർലമെന്ററി മണ്ഡലം, ബൂത്ത് ലെവൽ ഓഫീസറുടെ വിവരങ്ങൾ, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ഉൾപ്പെടെ നിരവധി സേവനങ്ങൾ വോട്ടർ ഹെൽപ്പ് ലൈൻ ആപ്പിൽ ലഭ്യമാണ്. ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നോ ആപ്പിൾ സ്റ്റോറിൽ നിന്നോ VHA ഡൗൺലോഡ് ചെയ്യാം

### *PwD ആപ്പ്*

ഭിന്നശേഷിക്കാർക്കായി PwD എന്ന പ്രത്യേക ആപ്പ് തയ്യാറാക്കിയിട്ടുണ്ട്. പുതിയ രജിസ്ട്രേഷനും മാറ്റങ്ങൾക്കും തിരുത്തലുകൾക്കും ഇതിലൂടെ അപേക്ഷിക്കാം. അത് മാത്രമല്ല, വീൽ ചെയർ അടക്കമുള്ള സൗകര്യങ്ങൾ ആവശ്യമായി വന്നാലും PwD ആപ്പ് വഴി സേവനം ലഭ്യമാണ്. ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നോ ആപ്പിൾ സ്റ്റോറിൽ നിന്നോ ആപ്പ് ഡൗൺലോഡ് ചെയ്യാം.

# Garuda App

## A smart BLO uses Garuda App to capture and submit forms & other informations


GARUDA was rolled out pan India on 9th August, 2021.

Developed in-House by IT team of the Commission.

It is a dedicated Mobile App for BLOs to perform their tasks digitally.

Main functions of GARUDA App:

- Checklist/Field Verification of Forms
- Capturing information about AMF (Assured Minimum Facility) & EMF (Extended Minimum Facility)
- Capturing of GIS co-ordinates of Polling Stations
- Update Photos of Polling Stations
- Forms Submission
- Marking of Absentee, Shifted, Dead(ASD) Voters



# ശ്യൂന്യതയിൽ നിന്നും ഉയർത്തെഴുന്നേറ്റ കഥകൾ

## പ്രതിബന്ധങ്ങളെ തരണം ചെയ്ത് ,

**ബി.എൽ.ഒ.മാർ എങ്ങനെയാണ് വോട്ടർമാരുടെ ക്ഷേമവും തിരഞ്ഞെടുപ്പ് തന്ത്രങ്ങളും കൂട്ടിച്ചേർത്ത് പരമാവധി അർഹരായ വോട്ടർമാരെ വോട്ടർ പട്ടികയിൽ ചേർത്തതെന്ന് നോക്കാം.**



### *Sukru Majhi*

*77 AC Lanjigarh Village, Odisha*

പുരുഷാധിപത്യം ചില സമയങ്ങളിൽ സ്ത്രീകളെ പൊതു സമൂഹത്തിൽ നിന്നും അകറ്റി നിർത്താറുണ്ട്. ഒഡീഷയിൽ കലഹന്തി ജില്ലയിലെ ലാഞ്ചികർ താലൂക്കിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരിഭാഗം ജനങ്ങളും വസിക്കുന്ന ഒരു പട്ടണത്തിൽ നടന്ന കഥ പറയാം.

2020 ൽ സ്ത്രീകളുടെ വോട്ടർ പട്ടികയിലെ പ്രാതിനിധ്യം ദേശീയ ശരാശരിയെക്കാൾ കുറവായിരുന്നു. നിരക്ഷരതയും, കുടുംബ പ്രശ്നങ്ങളും അതോടൊപ്പം അജ്ഞതയുമാണ് സ്ത്രീകളെ പൊതുവായി തിരഞ്ഞെടുപ്പ് പ്രക്രിയയിൽ നിന്നും പിന്നോട്ടടിച്ചിരുന്ന കാരണങ്ങൾ എന്ന് മനസ്സിലാക്കാവുന്നതാണ്. ബൂത്ത് നമ്പർ 270 ലെ സുക്രുമാഞ്ചിയെപ്പോലെയുള്ള ബിഎൽഒ യുടെ സ്ഥിരതയാർന്ന പ്രവർത്തന ഫലമായി വോട്ടിംഗ് പ്രാതിനിധ്യം 2022 ൽ 17% ൽ നിന്നും 67% മായി ഉയർത്താൻസാധിച്ചു.

ബിഎൽഒ., അംഗൻവാടി വർക്കർ, ആശാവർക്കർ എന്നിവരുൾപ്പെട്ട ടീം ഓരോ വീട്ടിലും കയറിയിറങ്ങി വോട്ടർ പട്ടികയിൽ പേര് ചേർക്കേണ്ടതിന്റെ പ്രാതിനിധ്യത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകി.

വോട്ടർ ഹെൽപ്പ് ലൈൻ ആപ്പും ഗരുഡ ആപ്പും ഉപയോഗിച്ച് ഓൺലൈനായി എങ്ങനെയാണ് പേര് ചേർക്കേണ്ടതെന്നതിനെക്കുറിച്ച് ബിഎൽഒ. വോട്ടർമാർക്ക് പരിശീലനം നൽകി.





### *Miningstar Sawkmie*

30-മായിരങ് വില്ലേജിലെ മിനിങ്സ്റ്റാർ സക്കാമിയയുടെ കഥ പ്രചോദിപ്പിക്കുന്നതും, അതോടൊപ്പം ഹൃദയ സ്പർശിയുമാണ്. മാസുമി വില്ലേജിൽ നിന്നുള്ള 52 വയസുകാരനായ ഇദ്ദേഹം ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ അധ്യപകനാണ്. അദ്ദേഹത്തിൽ നിക്ഷിപ്തമായ കർത്തവ്യം ചെയ്യുന്നതിനിടയിലും, പൗരൻമാരെ തിരഞ്ഞെടുപ്പിന്റെ പ്രാധാന്യം പഠിപ്പിക്കുന്നതിനിടയിലും പൊതുജനങ്ങളുടെ വെറുപ്പിന് കാരണമായി.

എല്ലാ പ്രതികൂല സാഹചര്യങ്ങളെയും തരണം ചെയ്ത്, കൊടുകാടിനുള്ളിൽ തകർന്ന് കിടക്കുന്ന കുച്ച റോഡിലൂടെ തന്റെ പോളിങ് സ്റ്റേഷനിലേക്ക് അദ്ദേഹം യാത്ര ചെയ്തു. ചിലപ്പോഴൊക്കെ കത്തുന്ന സൂര്യനിൽ നിന്നും രക്ഷ നേടുന്നതിനായി, മരത്തണലുകളെ അദ്ദേഹം അഭയ കേന്ദ്രമാക്കി. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും തിരുത്തുന്നതിനും വീടുകയറി ഇറങ്ങിയുള്ള അദ്ദേഹത്തിന്റെ യാത്രക്കിടയിൽ ഗ്രാമവാസികളുടെ വെറുപ്പ് അദ്ദേഹത്തിന് ശാപവാക്കുകളായി പതിച്ചു.

ഈ ശാപവാക്കുകൾക്കിടയിലും അദ്ദേഹം തന്റെ ഉത്തരവാദിത്വത്തിൽ നിന്നും പിന്നോട്ട് മാറാതെ അതിൽ ഉറച്ച് നിൽക്കുകയും, തന്നിൽ അർപ്പിതമായ തിരഞ്ഞെടുപ്പ് ഉത്തരവാദിത്തങ്ങൾ ആത്മാർത്ഥമായി നിർവ്വഹിക്കുകയും ചെയ്തു.

ടപാതുവേ, ഗ്രാമത്തിന്റെ പേര് ചേർക്കൽ പ്രവർത്തികൾ താരതമ്യേന വളരെ കുറവായിരുന്നു. എന്നിരുന്നാലും അദ്ദേഹം എല്ലാവരെയും വോട്ടർ പട്ടികയിൽ പേർ ചേർക്കാൻ പ്രേരിപ്പിക്കുകയും EPIC ആവശ്യമുള്ളവർക്ക് അതിനു വേണ്ട സഹായങ്ങൾ ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ സ്ഥിരോത്സാഹം അവസാനം ഫലപ്രാപ്തിയിലെത്തുകയും, തനിക്കെതിരെ തിരിഞ്ഞു നിന്ന എല്ലാ ഗ്രാമീണരും അവസാനം EPIC ന്റെ ശക്തി തിരിച്ചറിയുകയും, അതോടൊപ്പം സ്വയം തങ്ങളുടെ പേര് വോട്ടർ പട്ടികയിൽ ചേർക്കുകയും ചെയ്തു.





# ബാത്തോൻ ബാത്തോൻ മേം

## ബിഎൽഒ യോട് സംസാരിക്കാം

സിദ്ധാർത്ഥ ശങ്കേ

30–ഫെട്രോഡ നിയോജക മണ്ഡലം, ഗോവ

ഹായ്, ഞാൻ സിദ്ധാർത്ഥ് ശങ്കേ, ഗോവയിലെ 30–ഫെട്രോഡ നിയോജക മണ്ഡലത്തിലെ പാർട്ട് നമ്പർ 23 ലെ ബിഎൽഒ. അഗാളി ഈസ്റ്റ് വിംങിലെ സെന്റ് ആൻസ് സ്കൂളാണ് എന്റെ പോളിംങ് ബൂത്ത്.

ബിഎൽഒ എന്ന നിലയിൽ എന്റെ ആദ്യ ഉത്തരവാദിത്തം വോട്ടർ പട്ടിക പരശോധിക്കുകയായിരുന്നു. പ്രദേശവാസി യായതിനാൽ തന്നെ അവിടുത്തെ എല്ലാ പ്രദേശങ്ങളിലും എത്തിച്ചേരുക എനിക്ക് ഏറെ എളുപ്പമായിരുന്നു. വീടു വീടാന്തരം കയറി വോട്ടർ പട്ടികയിലെ സംശയങ്ങൾ ദൂരീകരിക്കുകയും തെറ്റു തിരുത്തുകയും അതോടൊപ്പം പുതിയ വോട്ടർമാരെ ഉൾപ്പെടുത്തുകയും ചെയ്തു. എല്ലാ വോട്ടർമാരിൽ നിന്നും ഹൃദ്യമായ സ്വീകരണം ലഭിക്കുകയും, അവർക്കാവശ്യമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കാനും എനിക്ക് സാധിച്ചു.

വോട്ടു ചെയ്യാൻ മാത്രമായി 1.4 കിലോമീറ്റർ യാത്ര ചെയ്യാൻ ബുദ്ധിമുട്ടാണെന്ന് പറഞ്ഞ വയോധികനെ ഞാൻ ഒരു ദിവസം സന്ദർശിക്കുകയുണ്ടായി. തന്റെ വീടിനടുത്ത് ഒരു പോളിംങ് സ്റ്റേഷൻ ക്രമീകരിക്കാൻ സാധിക്കുമോയെന്ന് ആ വൃദ്ധൻ എന്നോട് ചോദിച്ചു. ഈ നിർദ്ദേശം ഞാൻ എന്റെ ഇലക്ടറൽ രജിസ്ട്രേഷന ഓഫീസറെ അറിയിച്ചു. ഈ നിർദ്ദേശം അംഗീകരിക്കുകയും അദ്ദേഹത്തിന്റെ സമീപമുള്ള സെന്റ് ആൻസ് സ്കൂളിലേക്ക് മാറ്റുകയും ചെയ്തു. ഈ പുതിയ പോളിങ് ബൂത്തിനെ കുറിച്ച് പ്രദേശത്തെ എല്ലാ വോട്ടർമാരെയും വാട്സാപ്പ് മെസേജ് വഴി അറിയിച്ചു. പോളിംങ് ബൂത്ത് പുതിയ സ്ഥലത്തേക്ക് മാറ്റിയതു വഴി മുഴുവൻ ആളുകൾക്കും തങ്ങളുടെ വിലയേറിയ സമ്മതിദാ യക അവകാശം വിനിയോഗിക്കാന സാധിച്ചു. 70 ശതമാനമായിരുന്ന വോട്ടിങ് 80 ശതമാനത്തിലേക്ക് ഉയർത്താൻ ഇതിലൂടെ സാധിച്ചുവെന്നതാണ് ഏറ്റവും സന്തോഷകരമായ വാർത്ത.

എനിക്ക് ചുമതലയുള്ള പ്രദേശത്തെ എല്ലാ വോട്ടർമാർക്കും എന്നെ അറിയാം. EPIC കാർഡുമായി ബന്ധപ്പെട്ട എന്ത് സഹായത്തിനും അവർ എനിക്ക് മെസേജ് അയക്കാറുണ്ട്. ചിലപ്പോൾ അവരെന്നെ നേരിട്ട് കാണാൻ വരാറുമുണ്ട്. നാഷണൽ വോട്ടേഴ്സ് സർവ്വീസ് പോർട്ടൽ (NVSP), വെബ്സൈറ്റ് (www.nvsp.in/voterhelpline), അല്ലെങ്കിൽ ഗരുഡ ആപ്പ്.



भारत निर्वाचन आयोग

# Election Commission of India




# AADHAAR-EPIC Linkage

## Another step towards reliable & robust electoral roll

*Link your AADHAAR with EPIC by filling the New Form 6B*

*AADHAAR -EPIC linkage is Optional*

